**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - മത്സ്യബന്ധന തുറമുഖ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന ശുചിത്വ സാഗരം പദ്ധതിയുടെ ഭാഗമായി നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന പദ്ധതിക്ക് **4,50,206/** - രൂപ (നാല് ലക്ഷത്തി അൻപതിനായിരത്തി ഇരുനൂറ്റി ആറ് രൂപ) ശുചിത്വമിഷന്റെ **2018- 2019-** വർഷത്തെ പ്ലാൻ ഫണ്ടിലെ **2217- 80- 800- 71** "നഗര പ്രദേശങ്ങൾക്ക് വേണ്ടിയുള്ള മാലിന്യ പരിപാലന പദ്ധതി" എന്ന ശീർഷകത്തിൽ നിന്നും ഹാർബർ എൻജിനീയറിങ് വകുപ്പിന് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2536/ 2018/ തസ്വഭവ തിരുവനന്തപുരം, തീയതി 01.10.2018

---

പരാമർശം:-1 13.092017 ലെ സ.ഉ.(സാധാ) നം.3039/ 2017/ തസ്വഭവ നമ്പർ ഉത്തരവ്
2. 07.11.2017 ലെ സ.ഉ.(സാധാ) നം.3591/ 2017/ തസ്വഭവ നമ്പർ ഉത്തരവ്
3. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.09.2018 ലെ 3304/ C2/ 2017/ SM നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കടലിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് അതാതു പോർട്ടുകളിൽ ഒരുക്കുന്ന പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റുകളിൽ സംസ്ക്കരിച്ച് ഹാർബർ എൻജിനീയറിങ് വകുപ്പിന്റെ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ള "ശുചിത്വ സാഗരം" പദ്ധതിയുടെ ഭാഗമായി നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനായി രണ്ട് ഘട്ടമായായി ആകെ 19,70,000/- രൂപ (Rs.14,70,000/- + Rs.5,00,000/-) യഥാക്രമം പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം ശുചിത്വ മിഷന്റെ 2017- 18 വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും ഹാർബർ എൻജിനീയറിങ് വകുപ്പിന് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2 പ്രസ്തുത പദ്ധതി നല്ലരീതിയിൽ നടന്നു വരുന്നുണ്ടെങ്കിലും പ്ലാസ്റ്റിക് വേസ്റ്റ് കഴുകി ഉണക്കുന്ന വകയിൽ വലിയ തുക നൽകേണ്ടി വരുന്നുണ്ട് എന്നും ഈ സാഹചര്യത്തിൽ പ്ലാസ്റ്റിക് കഴുകി ഉണക്കുന്നതിന് യന്ത്ര സഹായം ലഭ്യമാക്കുന്നതിന് 2 ലക്ഷം രൂപയും പ്ലാസ്റ്റിക് വില്പനയിൽ നിന്നും വരുമാനം ഉണ്ടാകാൻ ഇനിയും സമയമെടുക്കുമെന്നതിനാൽ യൂണിറ്റിന്റെ നടത്തിപ്പ് ചെലവിനുള്ള 3 ലക്ഷം രൂപയും ചേർത്ത് ആകെ 5 ലക്ഷം രൂപ കൂടി അനുവദിച്ച് നൽകണമെന്ന് ഹാർബർ എൻജിനീയർ വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ ആവശ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ഇത്തരത്തിലുള്ള പ്രോജക്ടുകളുടെ തുടർ നടത്തിപ്പിന് ശുചിത്വ മിഷന്റെ പദ്ധതിയിൽ തുക വകയിരുത്തിയിട്ടില്ലെങ്കിലും മേൽ പരാമർശിച്ചിരിക്കുന്ന രണ്ട് ഘട്ടങ്ങളിൽ നൽകിയ തുകകളിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചിട്ടുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ബാക്കിയുള്ള തുകയായ 49,794 രൂപ കഴിച്ച് 4,50,206/ - രൂപ (നാല് ലക്ഷത്തി അൻപതിനായിരത്തി ഇരുനൂറ്റി ആറ് രൂപ) കൂടി ശുചിത്വ മിഷന്റെ 2017- 18 പ്ലാൻ ഫണ്ടിലെ 2217- 80- 800- 71 "നഗര പ്രദേശങ്ങൾക്ക് വേണ്ടിയുള്ള മാലിന്യ പരിപാലന

പദ്ധതി" എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകാവുന്നതാണ് എന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മത്സ്യബന്ധന തുറമുഖ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന ശുചിത്വ സാഗരം പദ്ധതിയുടെ ഭാഗമായി നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന പദ്ധതി നല്ലരീതിയിൽ തുടർന്ന് പോകുന്നതിനാലും കേരളം ഇപ്പോൾ അഭിമുഖീകരിച്ച വെള്ളപ്പൊക്കത്തെ തുടർന്ന് ധാരാളം പ്ലാസ്റ്റിക് മാലിന്യങ്ങൾ കടലിലേക്ക് ഒഴുകിയെത്തിയിട്ടുള്ള സാഹചര്യം കണക്കിലെടുത്തും പദ്ധതി നടത്തിപ്പിന്റെ ഭാഗമായി രണ്ട് ഘട്ടങ്ങളിലായി. ഹാർബർ എൻജിനീയറിങ് വകുപ്പിന് അനുവദിച്ച നൽകിയ തുകകളിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ചെലവഴിക്കാതെ ബാക്കിയുള്ള തുകയായ 49,794 രൂപ കഴിച്ച് 4,50,206/ - രൂപ (നാല് ലക്ഷത്തി അൻപതിനായിരത്തി ഇരുനൂറ്റി ആറ് രൂപ) കൂടി ശുചിത്വ മിഷന്റെ 2018-19 വർഷത്തെ പ്ലാൻ ഫണ്ടിലെ 2217-80-800-71 "നഗര പ്രദേശങ്ങൾക്ക് വേണ്ടിയുള്ള മാലിന്യ പരിപാലന പദ്ധതി" എന്ന ശീർഷകത്തിൽ നിന്നും ഹാർബർ എൻജിനീയറിങ് വകുപ്പിന് അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇത്തരത്തിലുള്ള പ്രോജക്ടുകളുടെ തുടർ നടത്തിപ്പിന് ശുചിത്വ മിഷന്റെ പദ്ധതിയിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതിയുടെ തുടർ നടത്തിപ്പിന് ആവശ്യമായി വരുന്ന തുക തുടർന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തന്നെ കണ്ടെത്തേണ്ടതാണ് .

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**സിന്ധു എൽ**
**സ്പെഷ്യൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ചീഫ് എൻജിനീയർ, ഹാർബർ എൻജിനീയറിങ് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ